ഇ1-33200/2010

പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തിയതി:20.12.2010

# നോട്ടീസ്

**വിഷയം:-** ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിലെ 2011-ലെ പൊതു സ്ഥലംമാറ്റം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

**സൂചന:-**
1. ജി.ഒ.(എം.എസ്.) 105/2007/തസ്വഭവ തീയതി. 04.04.2007.
2. ജി.ഒ.(എം.എസ്.) 54/2008/തസ്വഭവ തീയതി. 03.03.2008.
3. ജി.ഒ.(എം.എസ്.) 169/2009/തസ്വഭവ തീയതി. 28.08.2009.

പഞ്ചായത്ത് വകുപ്പിലെ വിവിധ തസ്തികകളിലേയ്ക്ക് 2011-ലെ പൊതു സ്ഥലംമാറ്റത്തിന് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. ഡെപ്യൂട്ടേഷനിൽ തുടരുന്നവർ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതില്ല. 2010-ലെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷിക്കുകയും മതിയായ ഒഴിവുകളില്ലാത്ത പക്ഷം സ്ഥലംമാറ്റം ലഭിക്കാതെ പോകുകയും ചെയ്തിട്ടുള്ളവരും 2011-ലെ പൊതു സ്ഥലംമാറ്റത്തിന് പുതിയ അപേക്ഷ നൽകേണ്ടതുമാണ്. പുതിയ അപേക്ഷ നൽകാത്തവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. പൊതു സ്ഥലംമാറ്റം സംബന്ധിച്ച മാതൃകാ അപേക്ഷാ ഫോറവും പൊതു സ്ഥലംമാറ്റത്തിന്റെ നടപടി ക്രമങ്ങൾ പൂർത്തിയാക്കേണ്ടത് സംബന്ധിച്ച സമയ വിവരപട്ടികയും അറിവിനായി ചേർക്കുന്നു.

***<u>അനുബന്ധം I :</u>*** പൊതു സ്ഥലംമാറ്റത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതു സംബന്ധിച്ച സമയവിവര പട്ടിക.

***<u>അനുബന്ധം II :</u>*** നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫോറം

മേൽപ്പറഞ്ഞ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പഞ്ചായത്ത് വകുപ്പിലെ എല്ലാ ജീവനക്കാരും അറിഞ്ഞുവെന്ന് ഉറപ്പു വരുത്തേണ്ടതും പൊതു സ്ഥലംമാറ്റം സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ വകുപ്പിന്റെ www.lsg.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ഒപ്പ്)
**കെ.ആർ.മുരളീധരൻ ഐ.എ.എസ്.**
**പഞ്ചായത്ത് ഡയറക്ടർ**

**പകർപ്പ്:**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് (ഉപരിപത്രം സഹിതം)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടറുടെ /അഡീഷണൽ ഡയറക്ടറുടെ സി.എയ്ക്ക്
കരുതൽ ഫയൽ/അധികം

*ആജ്ഞാനുസരണം*

*സൂപ്രണ്ട്*

ഐ.കെ

## ***അനുബന്ധം I***

## ***പഞ്ചായത്ത് വകുപ്പിലെ 2011 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച സമയവിവര പട്ടിക***

| | |
|---|---|
| 1. അപേക്ഷ ക്ഷണിച്ച് പത്രത്തിൽ പരസ്യം നൽകേണ്ട/ സർക്കുലറും ഫോറവും പ്രസിദ്ധീകരിക്കേണ്ട തീയതി | 21.12.2010 |
| 2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 30.12.2010 |
| 3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിൽ നിന്നും പഞ്ചായത്ത് ഡയറക്ടറേറ്റിൽ അപേക്ഷ ലഭിക്കേണ്ട അവസാന തീയതി | 04.01.2011 |
| 4. അർഹതയുള്ള അപേക്ഷകരുടെ കരട് ലിസ്റ്റ് പഞ്ചായത്ത് ഡയറക്ടറേറ്റിൽ പ്രസിദ്ധീകരിക്കേണ്ട തീയതി | 10.01.2011 |
| 5. അർഹതയുള്ള അപേക്ഷകരുടെ കരട് ലിസ്റ്റ് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിലും പ്രസിദ്ധീകരിക്കേണ്ട തീയതി | 15.01.2011 |
| 6. പരാതി നൽകേണ്ട അവസാന തീയതി | 25.01.2011 |
| 7. അർഹരായവരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ട തീയതി | 31.01.2011 |

ഐ.കെ

## അനുബന്ധംII
## പഞ്ചായത്ത് വകുപ്പ്
## പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ

*(അപേക്ഷയിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല)*

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | ഉദ്യോഗപ്പേര് | |
| 3. | ഓഫീസ് മേൽ വിലാസം | |
| 4. | ജനന തീയതി | |
| 5. | ഇപ്പോഴത്തെ ഓഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതി (ഉദ്യോഗക്കയറ്റം/നിയമന ഉത്തരവ് നമ്പർ തീയതി) | |
| 6. | ഇപ്പോഴത്തെ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുന്നതിനുതൊട്ടു മുമ്പ് സ്വന്തം ജില്ലയ്ക്ക് പുറത്ത് ഇതേ തസ്തികയിൽ ജോലി ചെയ്ത കാലയളവും, സ്റ്റേഷനും. | |
| 7. | സ്ഥലംമാറ്റം-പ്രത്യേക പരിഗണനയുണ്ടെങ്കിൽ (ഉണ്ടെങ്കിൽ രേഖ ഹാജരാക്കണം) | വികലാംഗർ/മിശ്രവിവാഹിതർ/മിലിട്ടറി ആശ്രിതൻ/എസ്.സി., എസ്.റ്റി./വിദൂര സ്ഥല സേവനം/വിരമിക്കാൻ 2 വർഷം/ സഹതാപാർഹമായ കാരണം/മറ്റുള്ളവ ബാധകമല്ല. |
| 8. | i. മുൻ വർഷങ്ങളിൽ പൊതുസ്ഥലംമാറ്റം ലഭിച്ചിട്ടുണ്ടോ?<br>ii. ഉണ്ടെങ്കിൽ ഏതു വർഷം, ഉത്തരവ് നമ്പരും തീയതിയും | ഉണ്ട്/ഇല്ല |
| 9. | സ്ഥിര താമസ വിലാസം | |
| 10. | സ്ഥലംമാറ്റം ലഭിക്കുവാൻ ആഗ്രഹിക്കുന്ന സ്റ്റേഷനുകൾ (ജില്ലയുടെ പേര് ഉൾപ്പെടെ) ഒന്നിൽ കൂടുതൽ ജില്ലയിൽ അപേക്ഷിക്കുന്നവർ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു അപേക്ഷകൻ പരമാവധി 3 സ്റ്റേഷനുകൾ മാത്രമേ ഓപ്റ്റ് ചെയ്യാൻ പാടുള്ളൂ | 1.<br>2.<br>3. |

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

***സ്ഥലം:*** ***ഒപ്പ്:***
***തീയതി:*** ***അപേക്ഷകന്റെ പേര്:***

അപേക്ഷകന്റെ സേവന പുസ്തകം/ബന്ധപ്പെട്ട സർവ്വീസ്സ് രേഖകൾ പരിശോധിച്ച് മേൽ പ്രസ്താവിച്ച വിവരം ശരിയാണെന്നു സാക്ഷ്യപ്പെടുത്തുന്നു.

***സ്ഥലം:*** ***ഓഫീസ് മേലധികാരിയുടെ ഒപ്പ്,***
***തീയതി:*** ***ഉദ്യോഗപ്പേര്:***

അപേക്ഷ 04.04.2007-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ ശുപാർശ ചെയ്യുന്നു/താഴെപറയുന്ന കാരണത്താൽ അപേക്ഷ നിരസിക്കാവുന്നതാണ്.

***സ്ഥലം:*** ***പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ***
***തീയതി:*** ***ജില്ല:***

***<u>ഓഫീസ് ഉപയോഗത്തിന് മാത്രം</u>***

| | | |
|---|---|---|
| *1.* | അപേക്ഷകന്റെ പേര് | |
| *2.* | ഉദ്യോഗപ്പേര് | |
| *3.* | സ്വന്തം ജില്ലയ്ക്ക് പുറത്ത് എത്ര കാലമായി ജോലി ചെയ്യുന്നു. | |
| *4.* | സ്ഥലംമാറ്റത്തിന്റെ മുൻഗണന നിശ്ചയിച്ച ജില്ലയിലെ സീനിയോറിറ്റി നമ്പർ | |

***സെക്ഷൻ ക്ലാർക്ക്:***

***ജൂനിയർ സൂപ്രണ്ട്:***

***സീനിയർ സൂപ്രണ്ട്:***

***അപേക്ഷ അംഗീകരിച്ചു/നിരസിച്ചു***

***പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം)/***
***പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ/***
***പഞ്ചായത്ത് ഡയറക്ടർ***

ഐ.കെ